ആയുർവേദത്തിൽ മെഡിക്കൽ-പാരാമെഡിക്കൽ കോഴ്സുകൾ

1122 [2051] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിൽ ഇപ്പോൾ മെഡിക്കൽ, പാരാ-മെഡിക്കൽ കോഴ്സുകൾ ഏതെല്ലാമാണ് കേരളത്തിൽ നടത്തുന്നത്;

(ബി) ഇവയുടെ ഭരണം ഏകോപിപ്പിക്കുന്നതിനായി ആയുർവേദ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1. എം. ഡി. (ആയുർവേദം)—3 വർഷം.;
2. ബി.എ.എം.എസ്.ഡിഗ്രി കോഴ്സ്—5 1/2 വർഷം.
3. ആയുർവേദ ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ്—1 വർഷം
4. ആയുർവേദ നഴ്സസ് ട്രെയിനിംഗ് കോഴ്സ്—1 വർഷം
5. ആയുർവേദ മാസിയർ ട്രെയിനിങ്ങ് കോഴ്സ്—1 വർഷം.
6. വിഷവൈദ്യ ചികിൽസ ഡിപ്ലോമാ കോഴ്സ്—2 വർഷം
7. ബാലചികിൽസാ കോഴ്സ്—6 മാസം,

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ആയുർവേദ കോളേജുകളിലെ നിയമനം

1123 [2052] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ആയുർവേദ കോളേജുകളിൽ വർക്ക് അറേഞ്ച്മെൻറ് അടിസ്ഥാനത്തിലുള്ള നിയമനം നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നിർത്തലാക്കിയത്;

(സി) ഇപ്പോൾ തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജിൽ ഇൻഡിജീനസ് ഡിപ്പാർട്ടുമെൻറിൽനിന്ന് മെഡിക്കൽ ആഫീസറൻമാർ വർക്ക് അറേഞ്ച്മെൻറിൽ തുടരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻറെ കാരണമെന്ത്;

(ഇ) ഈ മെഡിക്കലാഫീസേഴ്സിന് ആയുർവേദ കോളേജ് അദ്ധ്യാപകരുടെ പ്രമോഷൻ തസ്തികകളിൽ നിയമിതരാകാൻ അർഹതയുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6–5–1986 മുതൽ

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും ഒഴിവുള്ള ട്യൂട്ടർ/ഡമോൺസ്ട്രേറ്റർ തസ്തികകളിലേയ്ക്ക് ആളിനെ കിട്ടുന്നതു വരെ പ്രസ്തുത മെഡിക്കലോഫീസറൻമാരെ ഈ പോസ്റ്റുകളിൽ വർക്കിംഗ് അറേഞ്ചുമെൻറിൽ തുടരാൻ അനുവദിച്ചിരിക്കുകയാണ്.

(ഇ) ഇല്ല.

ആയുർവേദ കോളേജ് ആശുപത്രിയിലെ വാർഡുകൾ

1124 [2053] ശ്രീ. ബെന്നിബഹനാൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ആയുർവേദ കോളേജാശുപത്രിയിലെ അണ്ടർ ഗ്രാഡ്വേഷൻ, പോസ്റ്റ് ഗ്രാഡ്വേഷൻ വാർഡുകളെന്ന വേർതിരിവ് അവസാനിപ്പിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

ഇക്കാര്യം ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ആയുർവേദ കോളേജുകളിലേയും പോസ്റ്റ് ഗ്രാഡ്വേറ്റ് സെൻറിലേയും അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ്

1125 [2055] ശ്രീ. ബെന്നിബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജിലേയും പോസ്റ്റ് ഗ്രാഡ്വേറ്റ് സെൻറിലേയും അദ്ധ്യാപകർക്ക് ഒരേ സീനിയോറിറ്റി ലിസ്റ്റാണോ ഉള്ളത്;

(ബി) തിരുവനന്തപുരം ആയുർവേദ പോസ്റ്റ് ഗ്രാഡ്വേറ്റ് സെൻറിൻെറ ഡയറക്ടർ ആരാണ്;

(സി) ഇപ്പോഴുള്ള ഡയറക്ടറേക്കാൾ സീനിയേഴ്സ് ലിസ്റ്റിൽ ഉണ്ടായിരുന്നുവോ;

(ഡി) എങ്കിൽ അവരുടെ സീനിയോറിറ്റി അവഗണിച്ചുകൊണ്ട് പ്രസ്തുത സെൻറിലെ ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവൺമെൻറ് ആയുർവേദ കോളേജുകളുടെ സീനിയോറിറ്റി ലിസ്റ്റ് മാത്രമേ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളൂ. പോസ്റ്റ് ഗ്രാഡ്വേറ്റ് സെൻറിൻെറ സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കിയിട്ടില്ല.

(ബി) ഡോ. എൻ. ശാരദാമ്മ.

(സി) ആയുർവേദ കോളേജുകളുടെ ലിസ്റ്റിൽ സീനിയേഴ്സ് ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly